പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3426 19.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുത്ത ബസ്സുകൾ

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുത്ത് ഓടുന്ന മഹാവോയേജ് എന്ന കമ്പനിയുടെ ബസ്സുകൾ വാഹന നികുതി അടയ്ക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യും, മഹാവോയേജ് എന്ന കമ്പനിയും തമ്മിൽ രൂപം കൊടുത്ത കരാർ പ്രകാരം ബസ്സിന്റെ നികുതിയും, ഇൻഷ്വറൻസും ഉൾപ്പെടെയുള്ള ചെലവുകൾ ഒടുക്കേണ്ടത് പൂർണ്ണമായും മഹാവോയജ് എന്ന കമ്പനിയാണ്. വാഹനം ഓടിക്കുന്നതിന് ആവശ്യമായ നിയമാനുസൃത രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ അഞ്ഞൂറോളം അന്തർസംസ്ഥാന ബസ്സുകൾ റോഡ് നികുതി അടയ്ക്കുന്നത് അപകടത്തിൽപ്പെടുമ്പോൾ മാത്രമാണെന്ന കാര്യം മോട്ടോർ വാഹന വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി.യ്ക്ക് ത്രൈമാസ അന്തർ സംസ്ഥാന വാഹന നികുതി അടയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കോർപ്പറേഷനെ ടി നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന കെ.എസ്.ആർ.ടി.സി.യുടെ അഭ്യർത്ഥന പരിഗണിച്ച് 07.06.2019-ലെ സ.ഉ.(പി) നം. 20/2019/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം കേരള മോട്ടോർ വാഹന നികുതി ആക്ട്, 1976-ന്റെ (19 of 1976) ഉപവകുപ്പ് പ്രകാരം കെ.എസ്.ആർ.ടി.സി. ബസുകൾക്ക് 31.03.2021 വരെയുള്ള കാലയളവിൽ വാഹന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ അപകടത്തിൽപ്പെട്ട അന്തർ സംസ്ഥാന വാഹനങ്ങൾ നിരത്തിൽ ഇറക്കുന്നതിലേയ്ക്ക് ടി വാഹനങ്ങളുടെ മാത്രം വാഹന നികുതി ഒടുക്കിയിട്ടുണ്ട്. |
| (സി) | നടപടി ക്രമങ്ങൾ പൂർത്തിയാക്കുവാൻ വേണ്ടി നിരവധി ദിവസങ്ങൾ ബസ് | (സി) | നികുതി അടയ്ക്കാത്ത അന്തർ സംസ്ഥാന ബസ്സുകൾ അപകടത്തിൽപ്പെടുമ്പോൾ ബസ്സ |

| | | | |
|---|---|---|---|
| | നിരത്തിൽ ഇറങ്ങാത്ത കാര്യം പരിശോധിക്കുമോ; | | കൾ നിരത്തിലിറക്കുവാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | വാടകയ്ക്ക് എടുത്ത ബസുകളുടെ വരുമാന നഷ്ടം സംബന്ധിച്ച് കെ.എസ്.ആർ. ടി.സി. പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | വാടകയ്ക്ക് എടുത്ത ബസുകൾ സ്ഥിരമായി വരുമാന നഷ്ടം ഉണ്ടാക്കുന്നില്ല. ചില മാസങ്ങളിൽ ടി ബസ്സുകൾ ലാഭകരമായി സർവ്വീസ് നടത്തുന്നതിന് കെ.എസ്. ആർ.ടി.സി.യ്ക്ക് കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | അന്തർസംസ്ഥാന ബസ്സുകൾ നികുതി അടയ്ക്കാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ പിടിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഇ) | അപകടത്തിൽപ്പെട്ട ബസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ഇത്തരത്തിൽ നികുതി അടയ്ക്കാത്തതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കുമോ? | (എഫ്) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി.യ്ക്ക് ത്രൈമാസ അന്തർ സംസ്ഥാന വാഹന നികുതി അടയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കോർപ്പറേഷനെ ടി നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന കെ.എസ്.ആർ.ടി.സി.യുടെ അഭ്യർത്ഥന പരിഗണിച്ച് 07.06.2019-ലെ സ.ഉ.(പി) നം. 20/2019/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം കേരള മോട്ടോർ വാഹന നികുതി ആക്ട്, 1976-ന്റെ (19 of 1976) ഉപവകുപ്പ് പ്രകാരം കെ.എസ്.ആർ.ടി.സി. ബസുകൾക്ക് 31.03.2021 വരെയുള്ള കാലയളവിൽ വാഹന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളതാണ്. ഇത്തരത്തിൽ നികുതി അടയ്ക്കാത്തത് ഒരു ഉദ്യോഗസ്ഥന്റെയും വീഴ്ചയല്ല. |

**സെക്ഷൻ ഓഫീസർ**